(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉണ്ടായ വ്യവസായ നിക്ഷേപ ഓഫർ

89 [1267] ശ്രീ. അടൂർ പ്രകാശ്:

„ ടി. വി. ചന്ദ്രമോഹൻ:

„ ടി. എൻ. പ്രതാപൻ:

„ ലൂഡി ലൂയിസ്:

„ വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജനുവരിയിൽ നടത്തിയ ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിൽ എന്ത് തുകയുടെ വ്യവസായ നിക്ഷേപങ്ങൾക്കുള്ള ഓഫർ ലഭിക്കുകയുണ്ടായി;

(ബി) എത്ര വ്യവസായങ്ങളുമായി എന്ത് തുകയ്ക്കുള്ള എം. ഒ.യു. ആണ് ഒപ്പിട്ടത്;

(സി) അതിൽ എത്ര വ്യവസായങ്ങൾ സ്ഥാപിക്കാനുള്ള നടപടി നടന്നു വരുന്നു?

ഉത്തരം

(എ) 26,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് ലഭിച്ചത്.

(ബി, സി) 11,159.45 കോടി രൂപയുടെ ധാരണാപത്രങ്ങളാണ് ഒപ്പിട്ടത്. ജിമ്മിൽ ഒപ്പുവച്ചതിൽ 670.95 കോടി രൂപയുടെ പദ്ധതികൾ പ്രാബല്യത്തിൽ വന്നുകഴിഞ്ഞു. മറ്റു പ്രോജക്ടുകളുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനികളും ഫേമുകളും

90 [1269] ശ്രീ. വർക്കല കഹാർ:

„ ജോർജ്ജ് ജെ. മാത്യു:

„ ലൂഡി ലൂയിസ്:

„ അടൂർ പ്രകാശ്:

„ വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം എത്ര കമ്പനികളും ഫേമുകളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി എത്രപേർക്ക് കൂടുതലായി തൊഴിൽ നൽകുവാൻ കഴിഞ്ഞു;

(സി) ഈ കാലത്ത് എത്ര കമ്പനികളും ഫേമുകളും അയൽ സംസ്ഥാനങ്ങളിലേക്ക് പ്രവർത്തനം മാറ്റിയിട്ടുണ്ട്;

(ഡി) ഈ കാലത്ത് എത്ര കമ്പനികളും ഫേമുകളും പ്രവർത്തനം അവസാനിപ്പിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 2363 കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കെ. എസ്. ഐ. ഡി. സി.യുടെ സാമ്പത്തികസഹായത്തോടെ നിലവിൽ വന്ന 34 കമ്പനികളിലെല്ലാം കൂടി 3590 പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞു. മറ്റുള്ളവയുടെ വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കെ. എസ്. ഐ. ഡി. സി.യുമായി ബന്ധമുള്ള 33 കമ്പനികൾ പൂട്ടുകയും അവയിൽ 4 എണ്ണം പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. മറ്റുള്ളവയുടെ വിവരം ശേഖരിച്ചുവരുന്നു.

ഫാക്ടറികൾ കൂടുതലുള്ള ജില്ലയും കുറവുള്ള ജില്ലയും

91 [1270] ശ്രീ. എ. ഡി. മുസ്തഫ:

" സി. പി. മുഹമ്മദ്:

" ഇ. എം. അഗസ്തി:

" വി. ഡി. സതീശൻ:

" അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഫാക്ടറികൾ നിലവിലുള്ളത് ഏത് ജില്ലയിലാണ്;

(ബി) അവിടെ പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly